പരിപാലനത്തിനും വേണ്ടി കേരള ക്യാപ്റ്റീവ് എലിഫന്റ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ഈ ചട്ടങ്ങളിൽ ആനപാപ്പാൻമാർ, ആനസംരക്ഷണം, ആനയുടെ ഭക്ഷണക്രമം, ജോലിഭാരം, ആനകളെ ഒരിടത്തുനിന്നും മറ്റൊരിടത്തേക്കു കൊണ്ടുപോകൽ, ആനയുടെ റിട്ടയർമെന്റ് എന്നിവയെക്കുറിച്ചുള്ള നിഷ്ക്കർഷതകൾക്കു പുറമേ ആനയോടുള്ള ക്രൂരതകൾ എന്തെല്ലാമാണെന്ന് പറഞ്ഞിട്ടുള്ളതും ആയത് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ടി ചട്ടങ്ങളുടെ ലംഘനം വന്യജീവി സംരക്ഷണ നിയമപ്രകാരമുള്ള കുറ്റമായി കണക്കാക്കുന്നതിനും വ്യവസ്ഥയുണ്ട്.

(ബി) ഗജോൽസവം, ഉൽസവങ്ങൾ എന്നിവ നടത്തുമ്പോൾ കാര്യ പരിപാടികളുടെ വിവരങ്ങൾ എഴുതി നിർദ്ദേശിക്കപ്പെട്ട ഓഫീസർമാർക്ക് നൽകേണ്ടതാണ്. ടി ഉദ്യോഗസ്ഥൻമാർ കേരള ക്യാപ്റ്റീവ് എലിഫന്റ് (മാനേജ്മെന്റ് ആന്റ് മെയിന്റൻസ്) ചട്ടങ്ങൾ 2003 പ്രകാരം പരിശോധിക്കുകയും ചട്ടങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(സി) അതതു പ്രദേശങ്ങളിലെ വനം/പോലീസ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയാണ് ഉറപ്പാക്കുന്നത്.

(ഡി) കേരള ക്യാപ്റ്റീവ് എലിഫന്റ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) ചട്ടങ്ങൾ 2003 പ്രകാരം ഉച്ചവെയിലിൽ ടാർ റോഡിലൂടെ ആനകളെ കൂടുതൽ ദൂരം നടത്തുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. ചട്ടങ്ങളുടെ ലംഘനം വന്യജീവി സംരക്ഷണ നിയമപ്രകാരമുള്ള കുറ്റമായി കണക്കാക്കുന്നതാണ്.

സ്വകാര്യമേഖലയിൽ അത്‌ലറ്റിക് സ്കൂളുകൾ

*13 [664] *ശ്രീ. എൻ. ഡി. അപ്പച്ചൻ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ അതലറ്റിക് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം; ഇവയ്ക്ക് എന്തെല്ലാം സഹായം നൽകുന്നു;

(സി) ഏതെല്ലാം സ്വകാര്യ അത്‌ലറ്റിക് സ്കൂളുകൾ കെട്ടിടംകെട്ടുന്നതിനും കളിസ്ഥലത്തിനും വേണ്ടി ഗവൺമെന്റിനോട് സ്ഥലം ആവശ്യപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ഡി) അവർക്ക് സ്ഥലം കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):*

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ്, കൊയിലാണ്ടി. ഈ അത്‌ലറ്റിക് സ്കൂളിന് 25 ലക്ഷം രൂപ ഗ്രാന്റ് നൽകിയിട്ടുണ്ട്.

(സി) & (ഡി) ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന് സ്പോർട്സ് സ്കൂൾ സമുച്ചയം നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ കിലാനൂരിൽ കെ. എസ്. ഐ. ഡി. സി. യുടെ അധീനതയിലുള്ള 30 ഏക്കർ സ്ഥലം 50 വർഷത്തെ പാട്ട വ്യവസ്ഥയിൽ 3000 രൂപാ വാർഷിക പാട്ട നിരക്കിൽ സർക്കാർ അനുവദിച്ചിട്ടുണ്ട്.

സുനാമി ബാധിതർക്ക് മത്സ്യബന്ധന ഉപകരണങ്ങൾ

*14 [665] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

ഡോ. തോമസ് ഐസക്:

ശ്രീ. ടി. കെ. ദേവകുമാർ:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിത തീരങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വിതരണം ചെയ്യാനുള്ള തീരുമാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഇതിനായി എന്തു തുക ചെലവഴിക്കാനായിരുന്നു സർക്കാർ തീരുമാന മെന്ന് വ്യക്തമാക്കാമോ;

(സി) ഇത് വിതരണം നടത്താൻ താമസം നേരിടുന്നതെന്തുകൊണ്ടാണ്; ഇവ വിതരണം ചെയ്യാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഗുണഭോക്താവിനെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം തീരുമാനിച്ചിട്ടുണ്ടോ;

(ഇ) സുനാമി ദുരിത ബാധിതർക്കുള്ള ആനുകൂല്യങ്ങളുടെ വിതരണം സുതാര്യമാക്കുന്നതിന് തയ്യാറാകുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):*

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും പകരം നൽകുക, കേടായവ നന്നാക്കി കൊടുക്കുക എന്നതാണ് തീരുമാനം. ഇതിനാവശ്യമായ തുക ചെലവഴിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly